**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236 — 12.03.2020 ലെ മറുപടിയ്ക്ക്.

## അഭ്യസ്തവിദ്യരായ പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ

| ചോദ്യം<br>**ശ്രീ.സി.കൃഷ്ണൻ**<br>**,, ആർ. രാജേഷ്**<br>**,, കെ.യു. ജനീഷ് കുമാർ**<br>**,, കെ.ഡി. പ്രസേനൻ** | | ഉത്തരം<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ: | (എ) | പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ ("Employment linked Skill Training Programme") നടപ്പിലാക്കി വരുന്നു. 55 കോഴ്സുകളിലാണ് പരിശീലനം നൽകി വരുന്നത്. തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിൽ പരിശീലനം നടത്തി ജോലി ഉറപ്പു വരുത്തുന്നതിന് തയ്യാറുള്ള ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ച് അതിൽ യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നു. ഹോട്ടൽ മാനേജ്മെന്റ്, ഐറ്റി റിലേറ്റഡ് കോഴ്സുകൾ, ലോജിസ്റ്റിക് ആന്റ് റീടെയ്ൽ മാനേജ്മെന്റ്, പ്ലാസ്റ്റിക് ഇൻഡസ്ട്രി, ഹോം നഴ്സിംഗ് ആന്റ് ഹെൽത്ത് കെയർ, അഡ്വാൻസ്ഡ് സെക്യൂരിറ്റി സ്കിൽ ട്രെയിനിംഗ്, ഹോസ്പിറ്റാലിറ്റി, ലിഫ്റ്റ് ഓപ്പറേഷൻ, ഓയിൽ & റിഗ്, ആയുർവേദ നഴ്സിംഗ്, ജെറിയാട്രിക് കെയർ തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുള്ളത്.. മേൽ പരിശീലന പരിപാടികൾ മുഖേന ഇന്ത്യയ്ക്കകത്തും, വിദേശത്തുമായി 2565 പേർക്ക് ജോലി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 360 പേർ വിദേശത്താണ്. 2019-20 സാമ്പത്തിക വർഷം 55 കോഴ്സുകളിലായി 4810 യുവതീ യുവാക്കൾക്ക് സ്കിൽ ട്രെയിനിംഗ് നൽകി വരുന്നു.<br>ഐ.റ്റി.ഐ പാസായവർക്കുള്ള റിക്രൂട്ട്മെന്റ് കേമ്പുകൾ ജോബ്ഫെയർ എന്ന പേരിൽ സംഘടിപ്പിച്ചു. ഇതുവരെ 600 പേർക്ക് സ്വകാര്യ കമ്പനികളിൽ തൊഴിൽ ലഭിച്ചു.<br>എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചതിലൂടെ 85 പേർക്ക് തൊഴിൽ ലഭ്യമാക്കി.<br>2640 പേർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകി.<br>187 നഴ്സുമാർക്ക് കരാറടിസ്ഥാനത്തിൽ നിയമനം നൽകി.<br>സ്റ്റാർട്ട് അപ് ഡ്രീംസ് മുഖേന സ്വന്തമായി വ്യവസായങ്ങൾ തുടങ്ങുവാൻ ആവശ്യമായ മെന്ററിംഗ് & ഇൻക്യുബേഷൻ സൗകര്യം നൽകിവരുന്നു. |
| (ബി) | തൊഴിൽരഹിതരായ പട്ടികജാതി യുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിന് പട്ടികജാതി | (ബി) | അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലകളിൽ നൈപുണ്യവും, പരിശീലനവും ലഭിച്ചവരുമായ പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു |

| | | | |
|---|---|---|---|
| | വികസന വകുപ്പ് എന്തെല്ലാം സഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ: | | ലക്ഷം രൂപവരെ ധനസഹായം നൽകി വരുന്നു. ഇതിനോടൊപ്പം ട്രെയിനിംഗ് & എംപ്ലോയ്മെന്റിന്റെ ഭാഗമായി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ഒരു ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. |
| (സി) | ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | വിദേശത്ത് തൊഴിൽ തേടുന്നവർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതീയുവാക്കളായിരിക്കണം.<br>2. വൈദഗ്ധ്യ ജോലിയ്ക്ക് (Skill Labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും, കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ്, യൂണിവേഴ്സിറ്റി, സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ളവ ആയിരിക്കണം.<br>3. അപേക്ഷകർ ഇന്ത്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.<br>4. വിദേശത്ത് ജോലി ചെയ്യുന്നതിനാവശ്യമായ വിസ ലഭ്യമാക്കണം.<br>5. എമിഗ്രേഷൻ ആവശ്യമുള്ളപക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം.<br>6. അവിദഗ്ധ തൊഴിലവസരം തേടുന്നവരെയും പരിഗണിക്കും.<br>7. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ പദ്ധതി പ്രകാരം പരിഗണിക്കും.<br>8. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ടി ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.<br>9. അപേക്ഷകർ 20 നും 50 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.<br>10. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും, വിസയുടെയും സാക്ഷ്യപ്പെടുത്തിയ വിസ സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ്ജുൾപ്പെടെ 60% തുക മുൻകൂർ ആയി നൽകുന്നതാണ്. ODEPEC വഴി ടിക്കറ്റ് എടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.<br>11. ഗുണഭോക്താവ് ഉദ്ദേശിച്ച വിദേശ രാജ്യത്ത് എന്ന് തെളിയിക്കുന്ന എമിഗ്രേഷൻ സ്റ്റാമ്പിന്റെ കോപ്പിയുമായി അപേക്ഷ നൽകിയാൽ ബാക്കി തുക നൽകാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം എത്ര പേർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | വിദേശ തൊഴിൽ പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം വിദേശത്ത് ജോലി ചെയ്തു വരുന്ന 700 ഗുണഭോക്താക്കൾക്ക് (സ്പിൽ ഓവർ ഉൾപ്പെടെ) ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ